തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡോക്ടർമാർ, എഞ്ചിനീയർമാർ എന്നിങ്ങനെയുള്ള വിദഗ്ദ്ധ വിഭാഗങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലില്ല. അതുകൊണ്ട് അങ്ങനെയുള്ള സഹായങ്ങൾ അഭിഭാഷകർക്കുകൂടി നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

സൗജന്യ നിയമസഹായം

*215 [230] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിൽനിന്നു പിരിച്ചയയ്ക്കപ്പെട്ട തൊഴിലാളികളുടെ കേസുകൾ ലേബർ കോടതികളിലും മറ്റും കൈകാര്യം ചെയ്യുവാൻ അവർക്ക് സൗജന്യ നിയമസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്നുള്ള പ്രഖ്യാപനം വന്നതിനുശേഷവും അതു നടപ്പിലാക്കിക്കാണാത്തതിന്റെ കാരണം എന്താണ്;

(ബി) പാവപ്പെട്ടവർക്ക് സൗജന്യനിയമസഹായം നൽകുവാൻ താലൂക്കുതോറും അഡ്വക്കേറ്റുമാരെ നിയമിക്കുവാൻ പോകുന്നതായിട്ടുള്ള വാർത്ത ശരിയാണോ;

(സി) ആണെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) കൊല്ലത്തും കോഴിക്കോട്ടുമുള്ള ലേബർ കോടതികളിൽ തൊഴിലാളികളുടെ കേസുകൾ കൈകാര്യം ചെയ്യുവാൻവേണ്ടി ഓരോ അഡ്വക്കേറ്റിനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ ഉത്തരവനുസരിച്ച് കൊല്ലം ലേബർ കോടതിയിൽ നിയമിക്കുന്ന അഡ്വക്കേറ്റ് ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലെ കേസുകളിലും കോഴിക്കോട് ലേബർ കോടതിയിൽ നിയമിക്കുന്ന അഡ്വക്കേറ്റ് കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലെ കേസുകളിലുംകൂടി തൊഴിലാളികൾക്കുവേണ്ടി കേസുകൾ കൈകാര്യം ചെയ്യേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ, ലേബർ കോടതികളിൽ മേൽപറഞ്ഞ വിധം അഡ്വക്കേറ്റുമാരെ നിയമിച്ചുകഴിഞ്ഞിട്ടില്ല. നിയമിക്കുന്നതിനായി നടപടി എടുത്തുവരുന്നതേയുള്ളൂ. ഇനി കാലതാമസം കൂടാതെ അഡ്വക്കേറ്റുമാരെ നിയമിക്കുന്നതാണ്.

(ബി) ശരിയാണ്.

(സി) പാവങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനാവശ്യമുള്ള ചട്ടങ്ങൾ 1978 മാർച്ച് 21-ാം തീയതിയിലെ ഗസറ്റിൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ചട്ടങ്ങളനുസരിച്ച് പാവങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിന് ഓരോ താലൂക്കിലും പ്രതിമാസം 350 രൂപ ശമ്പളത്തിൽ ഈരണ്ടു പബ്ലിക് കൗൺസിലുകളെ നിയമിക്കുന്നതാണ്. അങ്ങനെ നിയമിക്കുന്ന പബ്ലിക് കൗൺസിലുകൾ ഈ സംസ്ഥാനത്തെ മുൻസിഫ് കോടതികളിലും, മജിസ്ട്രേറ്റ് കോടതികളിലും, സബ് കോടതികളിലും, ഡിസ്ട്രിക്ട് കോടതികളിലും, ലാന്റ് ട്രൈബ്യൂണലു

LIBRARY ARCHIVES Kerala Legislative Assembly

കളിലും, ലേബർ ട്രൈബ്യൂണലുകളിലും പാവപ്പെട്ടവർക്കുവേണ്ടി കേസ് നടത്തുകയും അവർക്കുവേണ്ടി നിയമോപദേശം നൽകുകയും ചെയ്യും. പ്രതിമാസം 300 രൂപയിൽ കൂടുതൽ വരുമാനമില്ലാത്തവരും പാപ്പരായി കേസു ഫയൽ ചെയ്യാനോ അപ്പീൽ കൊടുക്കാനോ അനുവദിക്കപ്പെട്ടിട്ടുള്ളവരും മേൽപറഞ്ഞ ചട്ടങ്ങളനുസരിച്ചുള്ള നിയമസഹായത്തിനർഹരാണ്.

കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി

*216 [231] ശ്രീ. എൻ. വാസുദേവൻ പിള്ള:
,, സി. വാസുദേവമേനോൻ:
,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയേം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി എന്നാണ് പുതുക്കി നിശ്ചയിച്ചതെന്നു പറയാമോ; കൂലി തോത് എന്താണ്;

(ബി) ഈ കൂലി നിശ്ചയിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച ജീവിതനിലവാരസൂചിക എന്തെന്ന് പറയാമോ;

(സി) 1978 ഡിസംബർ 31-ാം തീയതിയിലെ ജീവിതനിലവാര സൂചിക എത്രയാണ്;

(ഡി) ജീവിതനിലവാരസൂചികയിൽ ഉണ്ടായിട്ടുള്ള വർദ്ധനവു പരിഗണിച്ച് കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി പുനർനിർണ്ണയം ചെയ്യാനെന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വ്യക്തമാക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി 15-9-1975-ൽ പുതുക്കി നിശ്ചയിച്ചു. ദിവസേന 8 മണിക്കൂർ കഠിനജോലി ചെയ്യുന്ന ആൾക്ക് 8 രൂപയും ലഘുവായ ജോലി ചെയ്യുന്നയാൾക്ക് 6 രൂപ 50 പൈസയുമാണ് കൂലി. ഉഴവുജോലിയെ സംബന്ധിച്ചിടത്തോളം തൊഴിലാളിയുടെ കാളയെ ഉപയോഗിച്ച് ഉഴവു നടത്തുന്നതിന് (ദിവസേന 4 മണിക്കൂർ ജോലിക്ക്) 15 രൂപയും കൃഷി ഉടമയുടെ കാളയെ ഉപയോഗിച്ച് ഉഴവു നടത്തുന്നതിന് (ദിവസേന 4 മണിക്കൂർ ജോലിക്ക്) 9 രൂപയും ആണ് കൂലിത്തോത്.

(ബി) 1975 മെയ്മാസത്തെ ആലപ്പുഴ സെൻറിലെ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നമ്പർ (1617) (Base year 1939).

(സി) 1387 (Base year 1939).

(ഡി) ഇപ്പോഴുള്ള കുറഞ്ഞ കൂലി 1975-ലാണ് നടപ്പിൽ വന്നത്. സാധാരണ 5 വർഷം കൂടുമ്പോഴാണ് കുറഞ്ഞ കൂലി പുനർനിർണ്ണയിക്കാറുള്ളത്. കർഷകത്തൊഴിലാളികളുടെ കുറഞ്ഞ കൂലി 5 കൊല്ലം കഴിയുന്നതിനുമുമ്പേ പുതുക്കി നിശ്ചയിക്കണമോ എന്ന് ഗവൺമെൻറ് ആലോചിച്ചുവരികയാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly